**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 6** **01-02-2023 - ൽ മറുപടിയ്ക്ക്**

**തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ എം രാജഗോപാലൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തൊഴിലുറപ്പ് പദ്ധതി ദുർബലപ്പെടുത്തുന്ന തരത്തിലുള്ള ഇടപെടലുകൾ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നുവെന്ന ആക്ഷേപം ഉയരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യത്തിൽ സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; | (എ) | തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്തുന്നതിന ഏർപ്പെടുത്തിയ മൊബൈൽ ആപ്പ്, NMMS ലെ സാങ്കേതിക പ്രശ്നങ്ങൾ, അവിദഗ്ദ്ധ വേതനം, മെറ്റീരിയൽ തുക, ഭരണചെലവിനുള്ള തുക എന്നിവ കേന്ദ്ര സർക്കാർ യഥാസമയ ലഭ്യമാക്കാത്തത് തുടങ്ങിയവ തൊഴിലുറ പദ്ധതിയുടെ നിർവ്വഹണത്തിൽ ബുദ്ധിമു സൃഷ്ടിക്കുന്നുണ്ട്. എന്നിരുന്നാലും പദ്ധത പ്രവർത്തനങ്ങൾ തടസ്സം കൂടാതെയു പരമാവധി കാര്യക്ഷമമായും നടത്തുന്നതിനുള്ള നടപടികൾ സംസ്ഥാനതലത്തിൽ സ്വീകരിക്കുന്നുണ്ട്. ഒരു ഗ്രാമപഞ്ചായത്തിൽ ഒരേ സമയം 20 പ്രവൃത്തികൾ മാത്രമേ പാടുള്ളൂ എന്ന നിബന്ധന പദ്ധതി നിർവ്വഹണത്തിൽ സൃഷ്ടിച്ച ബുദ്ധിമുട്ട് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ഇളവ് ലഭ്യമാക്കുകയു ചെയ്തിട്ടുണ്ട്. ഒരു ഗ്രാമപഞ്ചായത്തിൽ ഒരേ സമയം 50 പ്രവൃത്തികൾ ഏറ്റെടുക്കാമെന്ന ഇളവ് കേരളത്തിന് മാത്രമായ നിബന്ധനകളോടെ അനുവദിക്കുകയുണ്ടായി കൂടാതെ കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങളും നിബന്ധനകളു പുന:പരിശോധിക്കുന്നതിനും/വിവിധ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി സമയാസമയങ്ങളിൽ കേന്ദ്ര സർക്കാരിനെ സമീപിക്കാറുണ്ട് ഇവയുടെയൊക്കെ ഫലമായി നടപ്പ് സാമ്പത്തിക വർഷം ഇതുവരെ 743.21 ലക്ഷ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചു 2022-23 വർഷം 10.31 കോടി തൊഴിൽ ദിനത്തിന് കേന്ദ്രസർക്കാരിലേയ്ക്ക് |

| | | | |
|---|---|---|---|
| | | | പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ( കോടി തൊഴിൽദിനങ്ങൾക്കാണ് ആദ്യ അംഗീകാരം ലഭിച്ചത്. എന്നാൽ, സംസ്ഥാന മികച്ച പ്രവർത്തനത്തിലൂടെ ഈ ലക്ഷ്യ നവംബർ മാസത്തിൽ തന്നെ മറികടന്നതിനെ തുടർന്ന് 8.5 കോടി തൊഴിൽദിനങ്ങളായ കേന്ദ്രസർക്കാർ ലേബർ ബഡ്ജ പുതുക്കിയിട്ടുണ്ട്. എല്ലാ പഞ്ചായത്തിലും സമഗ്ര നീർത്തട പ്ലാൻ തയ്യാറാക്കുന്ന നീരുറവ് പദ്ധതി ജലസംരക്ഷണത്തിനായി രണ്ടായിരത്തിലധികം കുളങ്ങൾ, കാലാവസ്ഥ വ്യതിയാനത്തെ ചെറുക്കുന്നതിനുള്ള പച്ചത്തുരുത്തുകൾ തുടങ്ങി ഏറെ പദ്ധതികള സംസ്ഥാന തലത്തിൽ രൂപപ്പെടുത്ത നിർവ്വഹിക്കുന്നു. വർക്ക്ഷെഡുകൾ അങ്കണവാടികൾ, റോഡുകൾ തുടങ്ങിയവയുടെ നിർമ്മാണം ഇതിന് പുറമെ നടത്തുന്നു തൊഴിലുറപ്പ് വഴി ലഭിക്കുന്ന 100 തൊഴിൽ ദിന കൂടാതെ പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് 10 ലക്ഷ അധികം തൊഴിൽ നൽകുന്ന ട്രൈബൽ പ്ലസ് പദ്ധതിയും ഇതോടൊപ്പം സംസ്ഥാന ഏറ്റെടുത്ത് നടപ്പാക്കുന്നുണ്ട് |
| (ബി) | തൊഴിലുറപ്പ് തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കാൻ ക്ഷേമനിധി ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; പദ്ധതിയിൽ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ എത്ര പേർക്ക് ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | ഉണ്ട്. പദ്ധതിയ്ക്ക് കീഴിൽ സംസ്ഥാനത്തെ 15 ലക്ഷം തൊഴിലുറപ്പ് തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | ഈ പദ്ധതിയിൽ ഒരു പഞ്ചായത്തിൽ ഒരേ സമയം ഇരുപത് പദ്ധതികൾ മാത്രമേ പാടുള്ളൂവെന്ന കേന്ദ്ര സർക്കാരിന്റെ അശാസ്ത്രീയ നിബന്ധന തിരുത്തിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ഇടപെടലിലൂടെ കഴിഞ്ഞിട്ടുണ്ടോ എന്ന് അറിയിക്കുമോ? | (സി) | ഉണ്ട്. ഒരു ഗ്രാമപഞ്ചായത്തിൽ ഒരേ സമയം 20 പ്രവൃത്തികൾ മാത്രമേ പാടുള്ളു എന്ന നിബന്ധന പദ്ധതി നിർവ്വഹണത്തിൽ സൃഷ്ടിക്കുന്ന ബുദ്ധിമുട്ട് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും പ്രസ്തുത നിബന്ധന തിരുത്തുന്നതിന് നിരന്തര സമ്മർദ്ദം ചെലുത്തുകയും ചെയ്തിരുന്നു. ഇതിന്റെ ഫലമായി ഒരു ഗ്രാമപഞ്ചായത്തിൽ ഒരേ സമയം 50 പ്രവൃത്തികൾ ഏറ്റെടുക്കാം എന്ന ഇളവ് കേരളത്തിന് മാത്രമായി നിബന്ധനകളോടെ കേന്ദ്രസർക്കാർ അനുവദിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ